# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 01.03.2026**

## പ്രധാനവാർത്തകൾ

1. പശ്ചിമേഷ്യയിലെ സംഘർഷ സാഹചര്യത്തിൽ പൗരന്മാർക്കായി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഇന്ത്യൻ എംബസികൾ; ഗൾഫ് രാജ്യങ്ങളിലേക്കുള്ള വിമാന സർവ്വീസുകൾ റദ്ദാക്കി.

2. ഇന്ത്യയുടെ യോഗയും സംഗീതവും ലോകരാഷ്ട്രങ്ങളെ ബന്ധിപ്പിക്കുന്ന കണ്ണിയാണെന്ന് ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ; തൃശ്ശൂരിൽ ചേതന ഗാനാശ്രമത്തിന് ഉപരാഷ്ട്രപതി തറക്കല്ലിട്ടു.

3. പുതുച്ചേരിയിൽ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി തുടക്കം കുറിച്ചു

4. മുണ്ടക്കൈ-ചൂരൽമല ദുരന്തബാധിതർക്കായുള്ള മാതൃക ടൗൺഷിപ്പ് ഒന്നാംഘട്ടത്തിൻറെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു

5. ആറ്റുകാൽ പൊങ്കാലയ്ക്കൊരുങ്ങി തലസ്ഥാന നഗരി; ആരോഗ്യ ഭക്ഷ്യ വകുപ്പുകൾ പൂർണ സജ്ജമെന്ന് ആരോഗ്യമന്ത്രി.

6. ടി-20 ലോകകപ്പ് ക്രിക്കറ്റ് സൂപ്പർ എട്ട് പോരാട്ടത്തിൽ ഇന്ത്യ ഇന്ന് വെസ്റ്റ് ഇൻഡീസിനെ നേരിടും.

RNU TVPM

## അമേരിക്ക - ഇസ്രായേൽ

അമേരിക്ക - ഇസ്രായേൽ സംയുക്ത വ്യോമാക്രമണത്തിൽ ഇറാന്റെ പരമോന്നത നേതാവ് അയത്തൊള്ള അലി ഖമനയി കൊല്ലപ്പെട്ടതായി അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ്. ഇറാനിയൻ ജനതയ്ക്കു രാജ്യത്തെ തിരിച്ചുപിടിക്കാനുള്ള ഏറ്റവും വലിയ അവസരമാണിതെന്നും വരും ദിവസങ്ങളിലും ആക്രമണം തുടരുമെന്നും ട്രംപ് വ്യക്തമാക്കി. ഇറാനിയൻ സൈനിക - സർക്കാർ കേന്ദ്രങ്ങൾക്കു നേരെ നടത്തിയ വ്യോമാക്രമണത്തിലാണ് ഖമനേയി കൊല്ലപ്പെട്ടതെന്ന് ഇസ്രായേലിൽ നിന്നുള്ള ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു. ആക്രമണത്തിൽ 40 ഇറാനിയൻ അധികൃതർ ഉൾപ്പടെ 201 പേർ കൊല്ലപ്പെട്ടതായും 700 ഓളം പേർക്ക് പരിക്കേറ്റതായും റിപ്പോർട്ടുണ്ട്. സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ഇറാനിൽ 40 ദിവസത്തെ ഔദ്യോഗിക ദുഃഖാചരണം പ്രഖ്യാപിച്ചു.

RNU TVPM

❋❋❋❋❋❋❋❋❋❋❋❋❋

## ഇന്ത്യൻ എംബസി നിർദ്ദേശം

പശ്ചിമേഷ്യയിലെ നിലവിലെ സാഹചര്യം കണക്കിലെടുത്ത് ഇന്ത്യൻ എംബസികൾ പൗരന്മാർക്കായി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ഇസ്രായേലിലുള്ള ഇന്ത്യൻ പൗരന്മാർ സമയബന്ധിതമായ സഹായവും ആശയവിനിമയവും സാധ്യമാക്കുന്നതിന് indembassyisrael.gov.in/indian_national_reg എന്ന വിലാസത്തിൽ രജിസ്റ്റർ ചെയ്യണമെന്ന് ഇസ്രായേലിലെ ഇന്ത്യൻ എംബസി ആവശ്യപ്പെട്ടു. . ഇറാനിലെ ഇന്ത്യൻ പൗരന്മാർ അതീവ ജാഗ്രത

പാലിക്കണമെന്ന് ടെഹ്റാനിലെ ഇന്ത്യൻ എംബസി നിർദ്ദേശിച്ചു. യു എ ഇ, സൗദി അറേബ്യ, ഖത്തർ, കുവൈറ്റ്, ബഹ്റൈൻ, ജോർദാൻ, സിറിയ, പലസ്തീൻ, എന്നീ രാജ്യങ്ങളിലെ ഇന്ത്യൻ എംബസികളും പൗരന്മാർക്കായി ജാഗ്രത നിർദ്ദേശം പുറപ്പെടുവിച്ചു. അനാവശ്യമായ യാത്രകൾ ഒഴിവാക്കാനും, കഴിയുന്നത്ര വീടുകളിൽ തന്നെ തുടരാനും ഇന്ത്യക്കാരോട് അഭ്യർത്ഥിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## വിമാനങ്ങൾ റദ്ദാക്കി.

പശ്ചിമേഷ്യയിലെ സംഘർഷ സാഹചര്യത്തിൽ ഇന്ന് 444 വിമാന സർവീസുകൾ റദ്ദാക്കാൻ സാധ്യതയെന്ന് വ്യോമയാന മന്ത്രാലയം. യാത്രക്കാരുടെ സുരക്ഷയും പ്രവർത്തന ചട്ടങ്ങൾ പാലിക്കുന്നതും ഉറപ്പുവരുത്താൻ ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ വിമാന കമ്പനികളുമായി ചേർന്ന് പ്രവർത്തിക്കുകയാണെന്ന് സമൂഹ മാധ്യമ കുറിപ്പിൽ മന്ത്രാലയം വ്യക്തമാക്കി. അതേസമയം പശ്ചിമേഷ്യൻ മേഖലയിലേക്കുള്ള വിമാന സർവീസുകൾ താൽക്കാലികമായി നിർത്തിവച്ചതായി എയർ ഇന്ത്യ അറിയിച്ചു. വിമാനങ്ങളുടെ തൽസ്ഥിതി എയർ ഇന്ത്യയുടെ വെബ്സൈറ്റിൽ പരിശോധിക്കാനാകും. തിരുവനന്തപുരം, കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് ഗൾഫ് രാജ്യങ്ങളിലേക്കുള്ള മുഴുവൻ വിമാനങ്ങളും റദ്ദാക്കിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

RIJU TVPM

## നോർക്ക (ഇൻട്രോ)

സംഘർഷ സാഹചര്യത്തിൽ, പ്രവാസി മലയാളികൾക്കായി നോർക്കാ റൂട്ട്സ് ഹെൽപ് ലൈൻ നമ്പർ പ്രവർത്തനം തുടരുന്നു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി**

(ഹോൾഡ്-വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁❁

## ഉപരാഷ്ട്രപതി

രണ്ട് ദിവസത്തെ കേരള സന്ദർശനത്തിനെത്തിയ ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ ഇന്ന് തൃശ്ശൂരിൽ പരിസ്ഥിതി സൗഹൃദ സംഗീത ക്യാമ്പസായ ചേതന ഗാനാശ്രമത്തിന്റെ ശിലാസ്ഥാപനം നിർവഹിച്ചു. ഇന്ത്യയുടെ യോഗയും സംഗീതവും രാഷ്ട്രീയത്തിനും അതിർത്തികൾക്കും അതീതമായി ലോകരാഷ്ട്രങ്ങളെ തമ്മിൽ ബന്ധിപ്പിച്ചിരിക്കുന്നുവെന്ന് ഉപരാഷ്ട്രപതി പറഞ്ഞു. രാജ്യത്തിന്റെ പ്രാചീന തത്വചിന്തയായ വസുധൈവ കുടുംബകം എന്ന ആശയമാണ് ഇതിലൂടെ പ്രതിഫലിക്കുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

പരിസ്ഥിതി സൗഹൃദ സംഗീത ക്യാമ്പസ് എന്ന നിലയിൽ ചേതന ഗാന-ആശ്രമം ജനങ്ങൾക്ക് മികച്ച പിന്തുണ നൽകുമെന്നും അദ്ദേഹം പറഞ്ഞു. ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേകർ, കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി, ഉന്നതവിദ്യാഭ്യാസ മന്ത്രി ആർ. ബിന്ദു തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. തൃശൂരിലെ പരിപാടിക്ക് ശേഷം പത്തനാപുരം സെൻറ് സ്റ്റീഫൻസ് ഹൈസ്കൂളിൽ

RNUTVPM

നടക്കുന്ന ശതാബ്ദി ആഘോഷങ്ങളിലും ഉപരാഷ്ട്രപതി പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## പ്രധാനമന്ത്രി

പുതുച്ചേരിയിൽ രണ്ടായിരത്തി 700 കോടി രൂപയിലധികം വിലമതിക്കുന്ന വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി നരേന്ദ്ര മോദി നിർവഹിച്ചു.ശക്തമായ ഒരു യുവത്വമാണ് രാജ്യത്തിൻറെ വളർച്ചയുടെ അടിത്തറയെന്ന് പ്രധാനമന്ത്രി പറഞ്ഞു.

ശ്രീ അരബിന്ദോയുടെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ച് നടക്കുന്ന ആഗോള ആത്മീയ മഹോത്സവം ശ്രീ മോദി ഉദ്ഘാടനം ചെയ്യും. ഉച്ചയ്ക്ക് ശേഷം തമിഴ്നാട്ടിലെ മധുരയിലെത്തുന്ന അദ്ദേഹം നാലായിരത്തി 400 കോടിയിലധികം രൂപയുടെ അടിസ്ഥാന സൗകര്യ പദ്ധതികൾക്ക് തുടക്കമിടും. തമിഴ്നാട്ടിലെ പ്രക്ഷേപണ സേവനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി, കുംഭകോണം, യേർക്കാട്, വെല്ലൂർ എന്നിവിടങ്ങളിൽ മൂന്ന് പുതിയ ആകാശവാണി എഫ്എം റിലേ ട്രാൻസ്മിറ്ററുകൾ അദ്ദേഹം ഉദ്ഘാടനം ചെയ്യും. മധുരയിൽ എൻഡിഎയുടെ റാലിയെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.

❁❁❁❁❁❁❁❁❁❁❁❁❁

## മുഖ്യമന്ത്രി (ഇൻട്രോ)

സ്നേഹത്തിൻറേയും കാരുണ്യത്തിൻറേയും പാരസ്പര്യത്തിൻറേയും കേരള മാതൃക ലോകം കണ്ടറിഞ്ഞുവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. മുണ്ടക്കൈ ചൂരൽമല ദുരന്തബാധിതർക്കുള്ള മാതൃകാ

RNU TVPM

ടൗൺഷിപ്പിൻറെ ആദ്യഘട്ട ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

(വോയ്സ്)

ദുരന്തത്തിൻറെ പശ്ചാത്തലത്തിൽ മാനസികവും ശാരീരികവുമായ ബുദ്ധിമുട്ടുകൾ അലട്ടുന്നവർക്ക് പരസ്പരം സാന്ത്വനമാകണമെന്നും മൺമറഞ്ഞു പോയവരുടെ ഓർമകൾക്കു മുന്നിൽ ശ്രദ്ധാഞ്ജലി അർപ്പിക്കുന്നതായും ശ്രീ പിണറായി വിജയൻ പറഞ്ഞു.

❋❋❋❋❋❋❋❋❋❋❋❋❋

## മന്ത്രി കെ രാജൻ

മുണ്ടക്കൈ - ചൂരൽമല രക്ഷാപ്രവർത്തനം ദുരന്ത നിവാരണ രംഗത്ത് ഒരു വേറിട്ട അധ്യായം രചിച്ചുവെന്ന് മന്ത്രി കെ രാജൻ. സൈന്യ- അർദ്ധ സൈന്യ പ്രവർത്തകരോടൊപ്പം ജനങ്ങളുടെ കൃത്യമായ ഇടപെടൽ ഉണ്ടായത് കേരളം സമൂഹത്തിന്റെ ഐക്യത്തെ എടുത്ത് കാട്ടിയതായി അദ്ദേഹം പറഞ്ഞു. ടൗൺഷിപ്പിന്റെ ആദ്യഘട്ട ഗുണഭോക്താക്കളായ 178 കുടുംബങ്ങൾക്ക് പുറമെയുള്ള കുടുംബങ്ങൾക്കും ഏതാനും മാസങ്ങൾക്കകം പൂർത്തിയായ വീടുകൾ കൈമാറാൻ കഴിയുമെന്നും മന്ത്രി പറഞ്ഞു.

RNU TVPM

❋❋❋❋❋❋❋❋❋❋❋❋❋

## ആറ്റുകാൽ -ആരോഗ്യ വകുപ്പ്

ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുന്നതിനുള്ള ക്രമീകരണങ്ങൾ സജ്ജമാക്കിയതായി മന്ത്രി വീണാ ജോർജ്. പൊങ്കാല ദിവസം 10 പോയിന്റുകളിൽ മെഡിക്കൽ ടീമും ആംബുലൻസുകളും സജ്ജമാക്കി. കളക്ടറേറ്റിലെ കൺട്രോൾ റൂമിലും ആരോഗ്യ പ്രവർത്തകരെ

വിന്യസിച്ചിട്ടുണ്ട്. അന്തരീക്ഷ താപനില വർധിക്കുന്ന സാഹചര്യത്തിൽ നഗരത്തിലെ 12 ആശുപത്രികളിൽ ആവശ്യമായ സംവിധാനങ്ങൾ പ്രത്യേകം സജ്ജമാക്കിയിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പും നിരീക്ഷണ, ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നതായും മന്ത്രി അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## ആറ്റുകാൽ പൊങ്കാല : റെയിൽവേ

ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തി. മറ്റെന്നാൾ വരെ വാഹന പാർക്കിങ് കർശനമായി നിയന്ത്രിക്കും. പുനർനിർമാണ പ്രവർത്തനങ്ങൾ കാരണം പവർ ഹൗസ് റോഡ് വശം പൂർണമായി അടച്ചു. യാത്രക്കാർ തമ്പാനൂർ ഭാഗത്തുള്ള പ്രവേശന കവാടങ്ങൾ ഉപയോഗിക്കണം. തീർത്ഥാടകരുടെ സൗകര്യാർത്ഥം കൊല്ലം ഭാഗത്തേക്കുള്ള ട്രെയിനുകൾ — ഒന്ന് മുതൽ നാല് വരെയുള്ള പ്ലാറ്റ്ഫോമുകളിൽ നിന്നും, നാഗർകോവിൽ ഭാഗത്തേക്കുള്ള ട്രെയിനുകൾ — പ്ലാറ്റ്ഫോം അഞ്ചിൽ നിന്നും പുറപ്പെടും.

❁❁❁❁❁❁❁❁❁❁❁❁❁

## തീവ്ര വോട്ടർ പട്ടിക

സംസ്ഥാനത്ത്, ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായിട്ടും, തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേരു ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേര് ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്പ്

RNU TVPM

വഴിയോ, ബന്ധപ്പെട്ട ബൂത്തുതല ഓഫീസർ വഴിയോ അപേക്ഷിക്കാം. തിരഞ്ഞെടുപ്പിനായി നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള അവസാന തീയതി വരെയാണ് പേര് ചേർക്കാൻ അവസരമുള്ളത്.

☸☸☸☸☸☸☸☸☸☸☸☸☸

## ടി-20 ലോകകപ്പ് ക്രിക്കറ്റ്

ടി-20 ലോകകപ്പ് ക്രിക്കറ്റ് സൂപ്പർ എട്ട് പോരാട്ടത്തിൽ ഇന്ത്യ ഇന്ന് വെസ്റ്റ് ഇൻഡീസിനെ നേരിടും. വൈകിട്ട് 7 മണിക്ക് കൊൽക്കത്തയിലാണ് മത്സരം.

☸☸☸☸☸☸☸☸☸☸☸☸☸

## സ്വകാര്യ ബസുകൾ

കണ്ണൂർ ജില്ലയിൽ രാത്രി എട്ടുമണിക്ക് ശേഷം പെർമിറ്റ് ഉള്ള സ്വകാര്യ ബസുകൾ ട്രിപ്പ് മുടക്കുന്നത് സംബന്ധിച്ച് പരിശോധന നടത്താൻ ജില്ലാ വികസന സമിതിയിൽ തീരുമാനം. ബസുകൾ ട്രിപ്പ് മുടക്കുന്നതിനാൽ രാത്രി യാത്രയ്ക്ക് പ്രയാസമനുഭവപ്പെടുന്നതായി നാട്ടുകാർ പരാതിപ്പെട്ടിരുന്നു. ഇതിൽ നടപടിയെടുക്കണമെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു.

RNU IVPM

☸☸☸☸☸☸☸☸☸☸☸☸☸

☸☸☸☸☸☸☸☸☸☸☸☸☸

☸☸☸☸☸☸☸☸

☸☸☸☸